(സി ആന്റ് ഡി) കമ്പനികൾക്ക് ഇതുമൂലം പ്രത്യേക പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

എൻട്രൻസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം

146 [1556] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻട്രൻസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം വിവിധ കോഴ്സുകളിലേക്ക് ലഭിച്ച അപേക്ഷകളുടേയും തെരഞ്ഞെടുക്കപ്പെട്ടവരുടേയും എണ്ണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) അപേക്ഷ ഫീസ് ഇനത്തിൽ ഓരോ വർഷവും ലഭിച്ച തുക എത്ര വീതമാണ് എന്നു വ്യക്തമാക്കുമോ;

(ഡി) ഈ വർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എസ്. എസ്. ഫണ്ട് ചെലവഴിക്കുന്നതു സംബന്ധിച്ച ആഡിറ്റ് നടത്താറുണ്ടോ; എന്നു വ്യക്തമാക്കാമോ;

(എഫ്) ഈയിനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച സംഖ്യ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) എൻട്രൻസ് ഡയറക്ടറേറ്റിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) എൻട്രൻസ് ഡയറക്ടറേറ്റിൽ 5 വർഷത്തിലേറെക്കാലമായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 1. 2001-2002—2,91,11,165 രൂപ
2. 2002-2003—4,69,69,975 ,,
3. 2003-2004—8,78,82,763 ,,

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബഡ്ജറ്റിൽ അനുവദിച്ചതിന് വിധേയമായി താഴെപ്പറയുന്ന വിധം ചെലവഴിച്ചിട്ടുണ്ട്:

	2001-2002	2002-2003	2003-2004
1. ശമ്പളം	31,22,055 രൂപ	40,57,533 രൂപ	47,71,680 രൂപ
2. മറ്റുള്ളവ	56,82,295 ,,	64,78,117 ,,	76,09,041 ,,

(ഇ) എല്ലാ വർഷവും നടത്താറുണ്ട്.

(എഫ്) 1. 2001-2002---79,65,305 രൂപ
2. 2002-2003---86,43,845 ,,
3. 2003-2004---89,04,831 ,,

(ജി) പണം ചെലവഴിക്കുന്നതിനുള്ള അധികാരം കമ്മീഷണർക്കാണ്. ഇക്കാര്യത്തിൽ പേഴ്സണൽ അസിസ്റ്റന്റും, ഫിനാൻഷ്യൽ അസിസ്റ്റന്റും അദ്ദേഹത്തെ സഹായിക്കുന്നു.

(എച്ച്) ഉദ്യോഗസ്ഥരുടെ പേരു വിവരം താഴെ കൊടുക്കുന്നു:

1. ശ്രീ. ഡി. രാധാകൃഷ്ണൻ നായർ, പേഴ്സണൽ അസിസ്റ്റന്റ്.
2. ,, എൻ. രമേഷ് ചന്ദ്രൻ, സീനിയർ സൂപ്രണ്ട്.
3. ,, തോമസ് ഡേവിഡ്, ജൂനിയർ സൂപ്രണ്ട്.
4. ,, ജി. ശിവരാമൻ നായർ, എൽ.ഡി.സി. (ഹയർ ഗ്രേഡ്)
5. ,, കെ. ജയകുമാരൻ നായർ, ,,
6. ശ്രീമതി ജി. പത്മാവതി അമ്മ, (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്)
7. ശ്രീ. ആർ. ജയചന്ദ്രൻ, (യു.ഡി. ടൈപ്പിസ്റ്റ്)
8. ,, എം. മധുസൂദനൻ നായർ, (പ്യൂൺ)

ബി. എഡ്. കോളേജുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് മാനദണ്ഡം

147 [1557] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എഡ്. കോളേജുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് തയ്യാറാക്കിയ രണ്ട് സ്കോർലിസ്റ്റിൽ ഒരേ കോളേജുകൾക്ക് തന്നെ വ്യത്യസ്ത മാർക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ കോളേജിനും മാർക്ക് നൽകുന്നതിന്റെ മാനദണ്ഡം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly